# 'ഫോർ' ദ പീപ്പിൾ



### ജസ്റ്റിസ് ചെലമേശ്വർ

- സുപ്രീംകോടതി ജഡ്ജി
- നിയമനം : ഒക്ടോ. 10, 2011
- നിയമിച്ചത്: പ്രതിഭാ പാട്ടീൽ
- വിരമിക്കുന്നത്: ജൂൺ 22, 2018

● കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് മാർച്ച് 17, 2010 - ഒക്ടോബർ 9, 2011, ഗോഹട്ടി ഹൈക്കോടതി ചീഫ് ജസ്റ്റിസ് മേയ് 2, 2007 - മാർച്ച് 17, 2010

● ജനനം: മാച്ചിലപട്ടണം, കൃഷ്ണജില്ല, ആന്ധ്ര, ജൂൺ 23, 1953, വയസ്: 64 പഠനം : ആന്ധ്ര യൂണിവേഴ്സിറ്റി, ലയോള കോളേജ്, ചെന്നൈ



### ജസ്റ്റിസ് കുര്യൻ ജോസഫ്

- സുപ്രീംകോടതി ജഡ്ജി
- നിയമനം : മാർച്ച് 18, 2013
- നിയമിച്ചത്: പ്രണബ് മുഖർജി
- വിരമിക്കുന്നത്: നവംബർ 11, 2018

● ഹിമാചൽ പ്രദേശ് ഹൈക്കോടതി ചീഫ് ജസ്റ്റിസ് ഫെബ്രുവരി 8, 2010 - മാർച്ച് 7, 2013, കേരള ഹൈക്കോടതി ജഡ്ജി ജൂലായ് 12, 2000 - ഫെബ്രുവരി 7, 2010

● ജനനം : നവംബർ 30, 1953, സ്ഥലം : എറണാകുളം, വയസ്: 64, പഠനം : ശ്രീശങ്കര കോളേജ്, ലാ അക്കാഡമി, തിരുവനന്തപുരം



### ജസ്റ്റിസ് രഞ്ജൻ ഗോഗോയി

- സുപ്രീംകോടതി ജഡ്ജി
- നിയമനം : ഏപ്രിൽ 23, 2012
- നിയമിച്ചത്: പ്രതിഭാ പാട്ടീൽ
- വിരമിക്കുന്നത്: നവംബർ 11, 2019

● പഞ്ചാബ്, ഹരിയാന ചീഫ് ജസ്റ്റിസ്, ഫെബ്രുവരി 12, 2011 - ഏപ്രിൽ 23, 2012, 2018 ഒക്ടോബറിൽ സുപ്രീംകോടതി ചീഫ് ജസ്റ്റിസാകും.

● ജനനം : നവംബർ 18, 1954, വയസ്: 63, സ്വദേശം : അസാം



### ജസ്റ്റിസ് മദൻ ബി. ലോക്കൂർ

- സുപ്രീംകോടതി ജഡ്ജി
- നിയമനം : ജൂൺ 4, 2012
- നിയമിച്ചത്: പ്രതിഭാ പാട്ടീൽ
- വിരമിക്കുന്നത്: ഡിസംബർ 30, 2018

● ആന്ധ്രപ്രദേശ് ഹൈക്കോടതി ചീഫ് ജസ്റ്റിസ്, നവംബർ 15, 2011 - ജൂൺ 3, 2012

● ജനനം : ഡിസംബർ 31, 1953, വയസ്: 64, പഠനം : ഡൽഹി സെന്റ് സ്റ്റീഫൻസ് കോളേജ്, ഡൽഹി സർവകലാശാല

## പ്രധാന വിധികൾ

### സോഷ്യൽ മീഡിയ

സോഷ്യൽ മീഡിയയിൽ മറ്റുള്ളവർക്ക് വിദ്വേഷവും അസൗകര്യവും തോന്നുന്ന പോസ്റ്റ് ഇടുന്നവരെ അറസ്റ്റ് ചെയ്യാൻ പൊലീസിന് അധികാരം നൽകുന്ന ഉത്തരവ് ജസ്റ്റിസ് ചെലമേശ്വറും ജസ്റ്റിസ് റോഹിംഗ്ടൺ നരിമാനും ഉൾപ്പെട്ട ബെഞ്ചിന്റേതാണ്. ഇൻഫർമേഷൻ ടെക്നോളജി നിയമത്തിലെ 66 എ വകുപ്പ് പ്രകാരം കുറ്റവാളിക്ക് 3 വർഷം വരെ ശിക്ഷ ലഭിക്കാം.

### ആധാർ

ആധാർ ഇല്ലാത്തതിന്റെ പേരിൽ ഒരു ഇന്ത്യൻ പൗരനും അർഹതപ്പെട്ട ഒരു അവകാശവും നിഷേധിക്കരുത് എന്ന വിധി ജസ്റ്റിസ് ചെലമേശ്വർ കൂടി ഉൾപ്പെട്ട മൂന്നംഗ ബെഞ്ചിന്റേതാണ്.

### കൊളീജിയം

ജഡ്ജിമാരെ നിയമിക്കാനുള്ള കൊളീജിയം സംവിധാനത്തിനെതിരെ വിയോജന കുറിപ്പെഴുതി. ഈ സംവിധാനം സ്വജനപക്ഷപാതം പ്രോത്സാഹിപ്പിക്കുന്നു. കഴിവ് കുറഞ്ഞവരെ ഉന്തി തള്ളി മുകളിലെത്തിക്കാനുള്ള സംവിധാനമായി തരംതാഴ്ന്നിരിക്കുന്നു എന്നാണ് ജസ്റ്റിസ് ചെലമേശ്വർ രേഖപ്പെടുത്തിയത്.

# പുകഞ്ഞ് പുകഞ്ഞ് പൊട്ടിത്തെറിച്ചു



ന്യൂഡൽഹി: സുപ്രീംകോടതിയിൽ കുറേ നാളുകളായി പുകഞ്ഞുകൊണ്ടിരുന്ന പ്രശ്നങ്ങളാണ് ഇന്നലെ പൊട്ടിത്തെറിച്ചത്. ഭരണഘടനാ ബെഞ്ചുകളിൽ നിന്നടക്കം മുതിർന്ന ജഡ്ജിമാരെ ഒഴിവാക്കുന്നത് കോടതി ഇടനാഴികളിൽ ചർച്ചയായിട്ട് കുറച്ച് കാലമായി.

ചീഫ് ജസ്റ്റിസ് ദീപക് മിശ്രയെ കരിനിഴലിൽ നിറുത്തുന്ന മെഡിക്കൽ കോളേജ് കോഴയുമായി ബന്ധപ്പെട്ട് രണ്ട് ഹർജികൾ കഴിഞ്ഞ നവംബറിൽ പരിഗണനയ്ക്ക് എത്തിയപ്പോൾ ജഡ്ജിമാർക്കിടയിലെ ഭിന്നത മറനീക്കി പുറത്തുവന്നിരുന്നു. അസാധാരണമായ നടപടികളാണ് അന്ന് കോടതിയിലുണ്ടായത്.

ലക്നൗവിലെ സ്വകാര്യ മെഡിക്കൽ കോളേജിന്റെ അംഗീകാരവുമായി ബന്ധപ്പെട്ട കേസിൽ സുപ്രീംകോടതി ജഡ്ജിമാരെ സ്വാധീനിക്കാൻ കോഴ വാങ്ങിയ ഒഡീഷ ഹൈക്കോടതി മുൻ ജഡ്ജി അറസ്റ്റിലായ സംഭവത്തിൽ സ്വതന്ത്ര അന്വേഷണം ആവശ്യപ്പെട്ടുള്ളതായിരുന്നു ഹർജികൾ. അഭിഭാഷകയായ കാമിനി ജെയ്സ്വാളിന്റെ ഹർജി ജസ്റ്റിസ് ജെ.ചെലമേശ്വർ അദ്ധ്യക്ഷനായ ബെഞ്ച് ഭരണഘടനാ ബെഞ്ചിന് വിട്ടു. ആരോപണ വിധേയനായ ചീഫ് ജസ്റ്റിസ് ആ ബെഞ്ചിന്റെ ഭാഗമാകരുതെന്നും ചെലമേശ്വർ നിർദ്ദേശിച്ചിരുന്നു. തൊട്ടടുത്ത ദിവസം ഈ ഉത്തരവ് ചീഫ് ജസ്റ്റിസ് അദ്ധ്യക്ഷനായ അഞ്ചംഗ ബെഞ്ച് റദ്ദാക്കി. സുപ്രീംകോടതിയുടെ പരമാധികാരി ചീഫ് ജസ്റ്റിസ് ആണെന്ന് അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചും ഭരണഘടനാ ബെഞ്ച് രൂപീകരിക്കാനുള്ള അധികാരം നാഥനായ തനിക്കാണെന്ന താക്കീതോടെയുമാണ് ചെലമേശ്വറിന്റെ ഉത്തരവ് റദ്ദാക്കിയത്.

തുടർന്ന് രണ്ട് ഹർജികളും ആർ.കെ. അഗർവാൾ, അരുൺ മിശ്ര, എ.എം. ഖാൻവിൽക്കർ എന്നിവരുൾപ്പെട്ട ബെഞ്ചിലേക്ക് ചീഫ് ജസ്റ്റിസ് മാറ്റി. കാമിനി ജെയ്സ്വാളിന്റെ ഹർജി പരമോന്നത നീതിപീഠത്തിന് കളങ്കമുണ്ടാക്കിയെന്ന് ചൂണ്ടിക്കാട്ടി ബെഞ്ച് തള്ളിയപ്പോൾ, പ്രശാന്ത് ഭൂഷന്റെ നേതൃത്വത്തിലുള്ള സി.ജെ.എ.ആറിന്റെ സമാനമായ ഹർജി 25 ലക്ഷം രൂപ പിഴ ചുമത്തിയാണ് തള്ളിയത്. അതോടെ അവസാനിച്ചെന്ന് കരുതിയ പ്രശ്നങ്ങളാണ് കൂടുതൽ ശക്തിയോടെ ഇന്നലെ ആഞ്ഞടിച്ചത്.

## സംഭവങ്ങൾ ദൗർഭാഗ്യകരം: ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ



തിരുവനന്തപുരം: സുപ്രീംകോടതി ചീഫ് ജസ്റ്റിസിനെതിരെ ജസ്റ്റിസുമായ വാർത്താ സമ്മേളനം വിളിച്ച് ആരോപണമുന്നയിച്ചത് ദൗർഭാഗ്യകരമായിപ്പോയെന്ന് മുൻ ചീഫ് ജസ്റ്റിസ് കെ.ജി.ബാലകൃഷ്ണൻ. ഇത് ഉണ്ടാകാൻ പാടില്ലാത്തതായിരുന്നു. സുപ്രീംകോടതിക്കെതിരേ ജനങ്ങളിൽ സംശയമുണ്ടാക്കാനേ ഇത്തരം കാര്യങ്ങൾ ഉപകാരപ്പെടൂ- അദ്ദേഹം പറഞ്ഞു.

> **നാല് ജഡ്ജിമാരെയും ഇംപീച്ച് ചെയ്യണം. അവർക്ക് ഇനി കോടതിയിലിരുന്ന് വിധി ന്യായങ്ങൾ പറയാൻ അധികാരമില്ല. ഈ ട്രെയ്ഡ് യൂണിയൻ രീതി തെറ്റാണ്. ജനാധിപത്യം അപകടത്തിലാണെന്ന് പറയാൻ പാർലമെന്റും പൊലീസും കോടതികളുമുണ്ട്. ഇവരല്ല പറയേണ്ടത്.**
>
> *-ജസ്റ്റിസ് ആർ.എസ്.സോധി (സുപ്രീംകോടതി മുൻ ജഡ്ജി)*

> **ഇത് ചരിത്രപരമായ വാർത്താസമ്മേളനമാണ്. നല്ല രീതിയിലാണ് ജഡ്ജിമാർ കാര്യങ്ങൾ അവതരിപ്പിച്ചത്. രാജ്യത്തെ ജനങ്ങൾക്ക് ജുഡീഷ്യറിയിൽ നടക്കുന്നത് അറിയാൻ അവകാശമുണ്ട്.**
>
> *-ഇന്ദിരാ ജെയ്സിംഗ് (മുതിർന്ന അഭിഭാഷക)*

> **വളരെയധികം ദുഖം തോന്നുന്നു. സുപ്രീം കോടതി ജഡ്ജിമാർ ഇങ്ങനെ പെരുമാറാൻ പാടില്ലായിരുന്നു. ഇതിന് തിരിച്ചടിയുണ്ടാകും.**
>
> *-സോളി സൊറാബ്ജി (മുൻ അറ്റോർണി ജനറൽ)*

> **ചീഫ് ജസ്റ്റിസിന്റെ മേലുള്ള ആരോപണങ്ങൾക്ക് കൂടുതൽ കരുത്ത് പകരുന്നു. ചീഫ് ജസ്റ്റിസ് അധികാരദുർവിനിയോഗം നടത്തുമ്പോൾ ആരെങ്കിലും ചോദ്യം ചെയ്തേ മതിയാകൂ.**
>
> *-പ്രശാന്ത് ഭൂഷൻ (പ്രമുഖ അഭിഭാഷകൻ)*

# ലോയയുടെ ദുരൂഹ മരണം: ഗൗരവമേറിയതെന്ന് കോടതി

## മഹാരാഷ്ട്ര സർക്കാരിൽ നിന്ന് വിശദീകരണം തേടി

ന്യൂഡൽഹി: ബി.ജെ.പി ദേശീയ അദ്ധ്യക്ഷൻ അമിത് ഷാ പ്രതിയായിരുന്ന സൊഹ്റാബുദ്ദിൻ വ്യാജ ഏറ്റുമുട്ടൽ കേസിന്റെ വിചാരണ കേട്ടിരുന്ന പ്രത്യേക ജഡ്ജി ബ്രിജ്ഗോപാൽ ലോയയുടെ ദുരൂഹ മരണം ഗൗരവമേറിയ വിഷയമാണെന്ന് സുപ്രീംകോടതി നിരീക്ഷിച്ചു. വിഷയത്തിൽ മഹാരാഷ്ട്ര സർക്കാരിന്റെ വിശദീകരണം തേടിയ ജസ്റ്റിസ് അരുൺ മിശ്ര അദ്ധ്യക്ഷനായ ബെഞ്ച് കേസ് 15 ലേക്ക് മാറ്റി. ലോയയുടെ മരണത്തിൽ സ്വതന്ത്ര അന്വേഷണം ആവശ്യപ്പെട്ട് മാദ്ധ്യമപ്രവർത്തകനായ ബി.ആർ. ലോനെ നൽകിയ ഹർജിയാണ് കോടതി പരിഗണിച്ചത്.

കേസ് എക്സ് പാർട്ടിയായി തീരുമാനിക്കേണ്ട വിഷയമല്ലെന്നും എല്ലാവരുടെയും വാദം കേൾക്കേണ്ടതുണ്ടെന്നും കോടതി അഭിപ്രായപ്പെട്ടു. അതേസമയം, സമാനമായ ഹർജി ബോംബെ ഹൈക്കോടതിയുടെ പരിഗണനയിലുള്ള സാഹചര്യത്തിൽ കേസ് പരിഗണിക്കരുതെന്ന് ബോംബെ ലായേഴ്സ് അസോസിയേഷന് വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ ദുഷ്യന്ത് ദവേ വാദിച്ചെങ്കിലും കോടതി അംഗീകരിച്ചില്ല. കേസിൽ സുപ്രീംകോടതി വാദം കേട്ടാൽ ഹൈക്കോടതിയിലെ കേസിനെ ബാധിക്കുമെന്നും അദ്ദേഹം വാദിച്ചു. ഹർജിക്കാരന് വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷക ഇന്ദിരാ ജെയ്സിംഗും ഈ വാദത്തോട് യോജിച്ചത് നാല് ജഡ്ജിമാർ പ്രതിഷേധിച്ച് ഇറങ്ങിപ്പോയ സാഹചര്യത്തിൽ ശ്രദ്ധേയമായി. വാദങ്ങൾ തള്ളിയ കോടതി എല്ലാ വിഷയങ്ങളും പരിശോധിക്കാമെന്ന് വ്യക്തമാക്കുകയായിരുന്നു. 2014 ഡിസംബർ ഒന്നിന് സുഹൃത്തിന്റെ മകളുടെ വിവാഹ ചടങ്ങിൽ പങ്കെടുക്കാൻ നാഗ്പൂരിൽ പോയ ലോയ അവിടെ വച്ചാണ് ഹൃദയസ്തംഭനത്തെ തുടർന്ന് മരണപ്പെട്ടത്. മരണത്തിൽ ദുരൂഹതയുണ്ടെന്ന് വാദവുമായി ലോയയുടെ സഹോദരിയും പിതാവും അടുത്തിടെ രംഗത്തെത്തിയോടെയാണ് വിഷയം ദേശീയ ശ്രദ്ധയിൽ വരുന്നത്.

### ലോയയുടെ മരണവും ആരോപണങ്ങളും



■ സൊഹ്റാബുദ്ദീൻ ഷെയ്ക്ക്, ഭാര്യ, അവരുടെ സുഹൃത്ത് എന്നിവരെ കൊല്ലാൻ 2005ൽ ഗുജറാത്ത് ആഭ്യന്തര മന്ത്രിയായിരിക്കെ അമിത് ഷാ ഉത്തരവിട്ടെന്ന സി.ബി.ഐ കേസിൽ വാദം കേട്ടത് പ്രത്യേക സി.ബി.ഐ ജഡ്ജി ബി.എച്ച്. ലോയ ആയിരുന്നു.

■ അദ്ദേഹത്തിന്റെ മരണം ദുരൂഹമാണെന്നും അതിൽ ഈ കേസിന് ബന്ധമുണ്ടെന്നും കുടുംബാംഗങ്ങൾ ആരോപിച്ചിരുന്നു.

■ കഴിഞ്ഞ നവംബറിൽ കാരവൻ മാഗസീനിൽ ലോയയുടെ കുടുംബാംഗങ്ങളെ ഉദ്ധരിച്ചുകൊണ്ടു വന്ന ഒരു റിപ്പോർട്ടാണ് വിവാദങ്ങൾക്ക് തിരി കൊളുത്തിയത്. ലോയയുടെ മരണത്തിന് സൊറാബുദ്ദീൻ കേസുമായി ബന്ധമുണ്ടെന്നായിരുന്നു റിപ്പോർട്ടിലെയും ആരോപണം.

■ 2014 ഡിസംബർ 1 നാണ് നാഗ്പൂരിൽ ഒരു സുഹൃത്തിന്റെ വിവാഹത്തിന് പോയ ലോയ മരിക്കുന്നത്.

■ നാഗ്പൂരിലെ രവിഭവൻ വി.ഐ.പി ഗസ്റ്റ് ഹൗസിൽ വച്ച് പുലർച്ചെ നാല് മണിയോടെ നെഞ്ചുവേദന അനുഭവപ്പെട്ട അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

■ ആട്ടോറിക്ഷയിലാണ് ആശുപത്രിയിൽ കൊണ്ടുപോയതെന്ന് സഹോദരി അനുരാധ ബിയാനി ഉൾപ്പെടെയുള്ള കുടുംബാംഗങ്ങളുടെ ആരോപണം.

■ എന്നാൽ കൂടെയുണ്ടായിരുന്ന മറ്റൊരു ജഡ്ജിയുടെ കാറിലാണ് കൊണ്ടുപോയതെന്നാണ് മറ്റൊരു പത്രം റിപ്പോർട്ട് ചെയ്തത്.

■ ലോയയ്ക്ക് നെഞ്ചുവേദന ഉണ്ടായി മുക്കാൽ മണിക്കൂറിന് ശേഷമാണ് വെറും ആറ് മിനിട്ട് കൊണ്ട് എത്താവുന്ന ആശുപത്രിയിൽ അദ്ദേഹത്തെ എത്തിച്ചത്. വി.ഐ.പി ഗസ്റ്റ് ഹൗസ് എന്തുകൊണ്ട് നേരത്തേ ഒരു വാഹനം തയ്യാറാക്കിയില്ല എന്ന സംശയത്തിന് ഉത്തരം ഇല്ല. ആദ്യം ദണ്ഡെ ആശുപത്രിയിൽ എത്തിച്ച അദ്ദേഹത്തെ പിന്നീട് മെഡിട്രീന ആശുപത്രിയിലേക്ക് കൊണ്ടുപോയി. അവിടെയാണ് മരണം സ്ഥിരീകരിച്ചത്.

■ മരണം ഹൃദയാഘാതം മൂലമെന്ന് പോസ്റ്റ് മോർട്ടം റിപ്പോർട്ട്.

■ മരണത്തിന് ഏതാനും ദിവസങ്ങൾക്ക് മുൻപ്, അമിത് ഷായ്ക്ക് അനുകൂലമായ ഉത്തരവ് നൽകാൻ ലോയയ്ക്ക് നൂറ് കോടി രൂപയും മുംബയിൽ ബംഗ്ലാവും വാഗ്ദാനം നൽകിയിരുന്നതായും കുടുംബാംഗങ്ങൾ ആരോപിച്ചിരുന്നു.

■ ലോയ മരിച്ച് രണ്ടാഴ്ചയ്ക്ക് ശേഷം, അദ്ദേഹത്തിന് പകരം വന്ന ജഡ്ജി അമിത് ഷായെ കുറ്റവിമുക്തനാക്കി ഉത്തരവിട്ടു.

■ മരണത്തിലെ ദുരൂഹതയെ പറ്റിയുള്ള കുടുംബാംഗങ്ങളുടെ ആരോപണം ലോയയുടെ അവസാന നിമിഷങ്ങളിൽ ഒപ്പമുണ്ടായിരുന്ന ഉദ്യോഗസ്ഥരും ഡോക്ടർമാരും നിഷേധിച്ചു.

■ ലോയയുടെ മരണത്തെ പറ്റി സ്വതന്ത്ര അന്വേഷണം ആവശ്യപ്പെട്ട് മഹാരാഷ്ട്രയിലെ മാദ്ധ്യമ പ്രവർത്തകൻ ബി. ആർ. ലോണെ നൽകിയ ഹർജിയിൽ, മരണം അന്വേഷിക്കണോ എന്ന് തീരുമാനിക്കാൻ ജസ്റ്റിസുമാരായ അരുൺ മിശ്ര, ശന്തനഗൗർ എന്നിവരുൾപ്പെട്ട ബെഞ്ചിന് വിട്ടിരിക്കയാണ്. ഇന്നലെ ഈ ഹർജി പരിഗണിച്ച ബെഞ്ച് മഹാരാഷ്ട്ര സർക്കാരിന്റെ പ്രതികരണം തേടിയിട്ടുണ്ട്.

■ ലോയയുടെ മരണത്തിലെ ദുരൂഹത നീക്കണമെന്നാവശ്യപ്പെട്ട് കോൺഗ്രസ് നേതാവായ തെഹ്സീൻ പൂനാവാലയും ഹർജി നൽകിയിട്ടുണ്ട്.

### ജഡ്ജിമാരെ കുറ്റപ്പെടുത്താനാവില്ല: ജസ്റ്റിസ് കെ.ടി. തോമസ്

കോട്ടയം: പത്രസമ്മേളനം വിളിച്ച സുപ്രീംകോടതി ജഡ്ജിമാരെ കുറ്റപ്പെടുത്താനാവില്ലെന്ന് റിട്ട. ജസ്റ്റിസ് കെ. ടി. തോമസ് പറഞ്ഞു. വിവാദ വിഷയങ്ങളിൽ സുപ്രീംകോടതി ഫുൾകോർട്ട് വിളിച്ച് തീരുമാനമെടുക്കണം. വിശ്വാസ്യതയാണ് നിയമവ്യവസ്ഥയുടെ കാതൽ. അഭിപ്രായ സ്വാതന്ത്ര്യം സ്വാഭാവികമാണെന്നും അദ്ദേഹം മാദ്ധ്യമങ്ങളോട് പറഞ്ഞു.

### രണ്ട് ജഡ്ജിമാർ ചെലമേശ്വറിനെ കണ്ടു

ന്യൂഡൽഹി: ചീഫ് ജസ്റ്റിസിനെതിരായ വിവാദ വാർത്താസമ്മേളനത്തിന് പിന്നാലെ സുപ്രീംകോടതിയിലെ ജസ്റ്റിസുമാരായ എസ്.എ. ബോബ്ഡെ, എൽ.നാഗേശ്വര റാവു എന്നിവർ ജസ്റ്റിസ് ജെ.ചെലമേശ്വറുമായി കൂടിക്കാഴ്ച നടത്തി. കൂടിക്കാഴ്ചയിലെ വിശദാംശങ്ങൾ പുറത്തുവന്നിട്ടില്ല. സമവായ ശ്രമങ്ങളുടെ ഭാഗമായിട്ടുള്ള കൂടിക്കാഴ്ചയാണ് നടന്നതെന്നും റിപ്പോർട്ടുണ്ട്.

### ഇടപെടില്ലെന്ന് കേന്ദ്ര നിയമസഹമന്ത്രി

ന്യൂഡൽഹി: സുപ്രീംകോടതിയിലെ വിഷയത്തിൽ ഇടപെടില്ലെന്ന് കേന്ദ്ര നിയമസഹമന്ത്രി പി.പി.ചൗധരി പറഞ്ഞു. സുപ്രീംകോടതി തന്നെ ഈ വിഷയത്തിൽ പരിഹാരം കണ്ടെത്തും. സുപ്രീംകോടതി സ്വതന്ത്രമാണ്.

> **ജഡ്ജിമാരുടെ വാർത്താ സമ്മേളനം ഒഴിവാക്കാമായിരുന്നു. തർക്കം ഉടൻ പരിഹരിക്കും.**
>
> *-കെ.കെ.വേണുഗോപാൽ (അറ്റോർണി ജനറൽ)*

# വാർത്താസമ്മേളനത്തിൽ ജഡ്ജിമാർ പറഞ്ഞത്



### ജെ. ചെലമേശ്വർ

നീതിന്യായ ചരിത്രത്തിലും ഈ രാജ്യത്തെ സംബന്ധിച്ചും അസാധാരണ സംഭവമാണിത്. ഒട്ടും സന്തോഷത്തോടെയല്ല മാദ്ധ്യമങ്ങളെ വിളിച്ചുവരുത്തിയത്. സുപ്രീംകോടതിയുടെ പ്രവർത്തനം കുറച്ച് മാസങ്ങളായി ശരിയായ രീതിയിൽ അല്ല. ഞങ്ങൾ നടത്തിയ എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടു. കോടതിയുടെ പ്രവർത്തനം ശരിയായി നടന്നില്ലെങ്കിൽ രാജ്യത്തെ ജനാധിപത്യം സംരക്ഷിക്കപ്പെടില്ല. ഞങ്ങൾ നാല് പേരും ഒപ്പിട്ട് ചീഫ് ജസ്റ്റിസിന് കത്ത് നൽകിയിരുന്നു. ഒരു പ്രത്യേക വിഷയം ഒരു പ്രത്യേക രീതിയിൽ കൈകാര്യം ചെയ്യണമെന്നായിരുന്നു ആവശ്യം. എന്നാൽ, സുപ്രീംകോടതിയുടെ അന്തസിന് നിരക്കാത്ത തരത്തിൽ ചോദ്യങ്ങൾ ഉയർത്തിയാണ് അക്കാര്യം നടന്നത്. ഇത് ആവർത്തിക്കപ്പെടുന്നു.

### ജസ്റ്റിസ് ഗോഗോയി

ഞങ്ങൾ രാജ്യത്തോടുള്ള കടമ നിറവേറ്റുകയാണ്. ഇന്ന് രാവിലെയും ചീഫ് ജസ്റ്റിസിനെ കണ്ടെങ്കിലും അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്താനായില്ല. രാജ്യത്തോട് സുപ്രീംകോടതി സംരക്ഷിക്കപ്പെടണം എന്ന് തുറന്ന് പറയുകയല്ലാതെ ഞങ്ങൾക്ക് മറ്റ് മാർഗങ്ങളില്ല. ഇക്കാര്യം ഞങ്ങൾ ജനങ്ങളുടെ മുന്നിൽ വയ്ക്കുന്നു.

### ജസ്റ്റിസ് ചെലമേശ്വർ

രാജ്യത്തെ ചില കാര്യങ്ങളിൽ ഞങ്ങൾ നിശബ്ദരായിരുന്നുവെന്ന് 20 വർഷത്തിന് ശേഷം വിവേകമുള്ളർ പറയുന്ന അവസ്ഥ ഒഴിവാക്കാനാണിത്. ഞങ്ങളുടെ ആത്മാവിനെ വിറ്റു എന്ന് ആരും പറയാൻ ഇട വരരുത്. ഭരണഘടനാപരമായി ശരി ചെയ്തില്ല എന്ന് പറയിക്കാനും ആഗ്രഹിക്കുന്നില്ല.

### ചോദ്യങ്ങൾ

? ചീഫ് ജസ്റ്റിസിനെ ഇംപീച്ച് ചെയ്യണമെന്നാണോ പറയുന്നത്.
ജസ്റ്റിസ് ചെലമേശ്വർ: അത് രാജ്യം തീരുമാനിക്കട്ടെ.
? ഇത് പദവി മറന്നുകൊണ്ടുള്ള നടപടിയല്ല.
ജസ്റ്റിസ് ഗോഗോയി: ആരും പദവി മറന്നിട്ടില്ല. രാജ്യത്തോടുള്ള കടമ നിറവേറ്റുക മാത്രമാണ്.
? എന്താണ് പ്രതിവിധി.
ജസ്റ്റിസ് ചെലമേശ്വർ: ജനാധിപത്യത്തിന്റെ നിലനില്പിനായി പക്ഷപാതരഹിതമായ നീതിന്യായ വ്യവസ്ഥ വേണം.
? ജഡ്ജിയായ ലോയയുടെ കേസിലാണോ പ്രതിഷേധം.
ജസ്റ്റിസ് ഗോഗോയി: അതേ.
? എന്താണ് അടുത്ത നടപടി
ജസ്റ്റിസ് ചെലമേശ്വർ: നാളെയും മറ്റെന്നാളും അവധിയാണ്. തിങ്കളാഴ്ച കോടതിയിൽ പോകും.
? ചീഫ് ജസ്റ്റിസിനെതിരെ അവിശ്വാസപ്രമേയമാണോ
ജസ്റ്റിസ് ചെലമേശ്വർ: നിങ്ങളുടെ വാചകങ്ങൾ അടിച്ചേൽപ്പിക്കരുത്.

### മൗനം പാലിച്ച് രണ്ട് പേർ

വാർത്താസമ്മേളനത്തിലുടനീളം മറ്റ് രണ്ട് മുതിർന്ന ജഡ്ജിമാരായ മദൻ ബി.ലോക്കൂറും കുര്യൻ ജോസഫും മൗനം പാലിച്ചു.

> **ജുഡീഷ്യറിയുടെ കറുത്ത ദിനം. വാർത്താസമ്മേളനം തെറ്റായ സന്ദേശമാണ് നൽകുന്നത്. സാധാരണക്കാരൻ ജുഡീഷ്യറിയെ സംശയത്തോടെ നോക്കും. എല്ലാ വിധിന്യായങ്ങളും ചോദ്യം ചെയ്യപ്പെടും.**
>
> *- ഉജ്ജ്വൽ നികം (മുതിർന്ന അഭിഭാഷകൻ)*

## ജഡ്ജിമാർ ഇറങ്ങിപ്പോയി: ചീഫ് ജസ്റ്റിസ് തുടർന്നു



ദീപക് മിശ്ര

ന്യൂഡൽഹി: ജസ്റ്റിസുമാരായ ജെ.ചെലമേശ്വറാണ് ഇന്നലെ രണ്ടാം നമ്പർ കോടതിയിലെ തന്റെ നടപടികൾ അവസാനിപ്പിച്ച് ആദ്യം ഇറങ്ങിയപ്പോയത്. സഞ്ജയ് കിഷൻ കൗൾ ആയിരുന്നു ഇന്നലെ ചെലമേശ്വറിനൊപ്പമുണ്ടായിരുന്ന സഹോദര ജഡ്ജി. ജസ്റ്റിസ് ചെലമേശ്വർ ഇറങ്ങിയതിന് പിന്നാലെ 11.15ന് ജസ്റ്റിസ് മദൻ ബി.ലോക്കൂർ നാലാം നമ്പർ കോടതിയിലെ നടപടികൾ അവസാനിപ്പിച്ചു. അധികം താമസിയാതെ ജസ്റ്റിസ് രഞ്ജൻ ഗോഗോയി നേതൃത്വം നൽകുന്ന മൂന്നാം നമ്പർ കോടതിയും ജസ്റ്റിസ് കുര്യൻ ജോസഫിന്റെ നേതൃത്വത്തിലുള്ള അഞ്ചാം നമ്പർ കോടതിയും അവരുടെ കേസുകൾ പാതിവഴിയിൽ ഉപേക്ഷിച്ച് ഇറങ്ങിപ്പോയി. ഈ സമയത്ത് കോടതിയിലുണ്ടായിരുന്ന അഭിഭാഷകർക്ക് പോലും ജഡ്ജിമാരുടെ പെട്ടെന്നുള്ള പിന്മാറ്റം വ്യക്തമായില്ല. എല്ലാവരും വാർത്താസമ്മേളനം നടത്തുമെന്ന് നേരത്തെ അഭ്യൂഹമുണ്ടായിരുന്നെങ്കിലും നാല് ജഡ്ജിമാരും എഴുന്നേറ്റ് പോയതോടെ അഭ്യൂഹത്തിന് സ്ഥിരീകരണമായി.

എന്നാൽ, ഈ സമയത്തെല്ലാം ചീഫ് ജസ്റ്റിസിന്റെ നേതൃത്വത്തിലുള്ള മൂന്നംഗ കോടതി സാധാരണ നടപടികളിൽ വ്യാപൃതനായിരുന്നു. നാല് ജഡ്ജിമാർ വാർത്താസമ്മേളനം നടത്തുമ്പോഴും ചീഫ് ജസ്റ്റിസ് വാദം കേൾക്കുകയായിരുന്നു. ഉച്ചയ്ക്ക് ഒരുമണിക്ക് ഊണിന് പിരിഞ്ഞ ചീഫ് ജസ്റ്റിസിന്റെ ഒന്നാം നമ്പർ കോടതി പതിവുപോലെ രണ്ട് മണിക്ക് സമ്മേളിച്ചതും ശ്രദ്ധേയമായി.

അദ്ദേഹം എന്തെങ്കിലും പരാമർശം നടത്തുമെന്ന് കരുതി മാദ്ധ്യമപ്രവർത്തകർ ഈ സമയത്ത് ഒന്നാം നമ്പർ കോടതിയിൽ തടിച്ചുകൂടിയെങ്കിലും 47 കേസുകൾ പരിഗണിച്ച് 2.57 പിരിയുന്നത് വരെ ഒന്നുമുണ്ടായില്ല.

## നിയമ നിർമ്മാണം വേണം: അഡ്വ. കാളീശ്വരം രാജ്



കൊച്ചി : അപൂർവവും ആദ്യവുമായ സംഭവമാണിതെന്ന് അഡ്വ. കാളീശ്വരം രാജ് പറഞ്ഞു. ലോകചരിത്രത്തിൽ തന്നെ ഇത്തരം സംഭവങ്ങൾക്ക് സാദ്ധ്യത കുറവാണ്. ജഡ്ജിമാർ ഉന്നയിച്ച പ്രശ്നങ്ങൾ ഗൗരവത്തോടെ കാണണം. പ്രശ്നങ്ങൾ പുറത്ത് അറിയരുതെന്ന് പറയുന്നത് ശരിയല്ല. കാര്യങ്ങൾ കൃത്യമായിട്ടല്ല നടക്കുന്നതെങ്കിൽ അക്കാര്യം ജനങ്ങൾ അറിയണം. ആത്യന്തികമായി ജനങ്ങൾക്ക് വേണ്ടിയാണ് കോടതികൾ. ജനങ്ങളാണ് കോടതികളുടെ അധികാരികൾ. ന്യായാധിപർ പോലും ജനസേവകരാണെന്ന് ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. കോടതികൾക്കകത്ത് കാര്യങ്ങൾ ശരിയായി നടക്കുന്നില്ലെന്ന വസ്തുത ജനങ്ങളെ അറിയിക്കുന്നതിൽ തെറ്റില്ല. ഇതറിഞ്ഞാൽ മാത്രമേ പൊതുജന സംവാദത്തിന് വഴിയൊരുങ്ങൂ. പ്രശ്നപരിഹാരത്തെക്കുറിച്ച് ആലോചിക്കണമെങ്കിൽ പോലും വിഷയം എന്താണെന്ന് ജനമറിയണം. ഇന്ത്യൻ ജുഡിഷ്യറിക്കകത്ത് ഇന്നും ഒരു ഫ്യൂഡൽ സ്വഭാവം നിലനിൽക്കുന്നുണ്ട്. ആ സ്വഭാവം മാറ്റണമെങ്കിൽ കാര്യങ്ങൾ സുതാര്യമാകണം. ന്യായാധിപരെ തിരഞ്ഞെടുക്കുന്നതിൽ മാറ്റങ്ങൾ വരണം. ന്യായാധിപരുടെ പ്രവർത്തനങ്ങളെ വിലയിരുത്താൻ സംവിധാനം വേണം. ഇന്ന് ഇതിനൊന്നും സംവിധാനമില്ല. കോടതിയുടെ നവീകരണം നമ്മുടെ മുഖ്യധാരാ രാഷ്ട്രീയ കക്ഷികൾ ഗൗരവത്തിൽ എടുത്തിട്ടില്ല. ഇതിനവരെ പ്രേരിപ്പിക്കുന്ന നടപടിയാണിത്. പ്രശ്നങ്ങളെ മുഴുവൻ അഭിസംബോധന ചെയ്ത് ദേശീയ സംവാദമുണ്ടാകണം. ഇതിന്റെയടിസ്ഥാനത്തിൽ ഒരു പാർലമെന്ററി നിയമം ഉണ്ടാകണം. തൊലിപ്പുറത്തുള്ള ചികിത്സ കൊണ്ടോ സന്ധിസംഭാഷണം കൊണ്ടോ ഈ പ്രശ്നങ്ങൾ പരിഹരിക്കാനാവില്ല. നിയമ നിർമ്മാണമാണ് വേണ്ടതെന്നാണ് എന്റെ അഭിപ്രായം.

# ജഡ്ജിമാർക്ക് ബുധനാഴ്ച നല്ല ദിവസം



**ബു**ധനാഴ്ച എന്ന് കേട്ടാൽ സുപ്രീംകോടതി ജഡ്ജിമാരുടെ നാവിൽ കൊതിയൂറും. കാരണം അന്നത്തെ ഉച്ചഭക്ഷണത്തിന് ഒരു പ്രത്യേകതയുണ്ട്. സുപ്രീംകോടതിയിലെ എല്ലാ ജഡ്ജിമാരും അന്ന് ഒരു ഊണ് മേശയ്ക്ക് ചുറ്റും ഇരിക്കും. ഒരു മണിക്കൂർ നീളും ലഞ്ച്. വർഷങ്ങളായി എല്ലാ ബുധനാഴ്ചയും ഇത് പതിവാണ്. വീട്ടിൽ പാകം ചെയ്ത വിഭവങ്ങളുമായാണ് അന്ന് ഒരു ജഡ്ജി വരുന്നത്. എല്ലാവരും പരസ്പരം ഇത് പങ്കിട്ടെടുക്കും. തമാശയും ചിരിയും രുചിവർത്തമാനവും ചേർന്നതാണ് അവരുടെ ബുധനാഴ്ച ഉച്ചനേരം.

സുപ്രീംകോടതിയിൽ 28 ജഡ്ജിമാരാണുള്ളത്. ബുധനാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് 10 മിനിട്ട് മുമ്പേ അവർ ചേംബറിൽ നിന്ന് എഴുന്നേൽക്കും. 10 മിനിട്ടുകൊണ്ട് വേഷം മാറി ഊണുമുറിയിലെത്തും. അവിടെ ഒരു ജഡ്ജിയുടെ സ്വന്തം ഭവനത്തിൽ നിന്നുള്ള വൈവിദ്ധ്യമാർന്ന രുചികളിലുള്ള ഭക്ഷണം അവരെ കാത്തിരിക്കും. ഒരു ഹോട്ടൽ ഭക്ഷണത്തിനും അന്നവിടെ പ്രവേശനമില്ല.

ഓരോ സിറ്റിംഗ് ജഡ്ജിമാർക്കും തവണ അനുസരിച്ച് ഭക്ഷണം കൊണ്ടുവരുന്നതിന്റെ ഉത്തരവാദിത്വം മാറിവരും. അവരവരുടെ നാടിന്റെ രുചികളായിരിക്കും അവർ കൊണ്ടുവരിക. പ്രധാന കോഴ്സിന് അഞ്ച് വിഭവങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കണം. അതിൽ കൂടിയാൽ പിഴ ശിക്ഷ ഉണ്ട്. അവസാനം പാൻ വേണമെന്നുള്ളതും മസ്റ്റ്. പുകയില ഇല്ലാത്ത സുഗന്ധ പാൻ.

മറ്റുള്ള ദിവസങ്ങളിൽ ജഡ്ജിമാർ അവരവരുടെ ചേംബറിലെ മുറിയിലിരുന്നാവും ഭക്ഷണം കഴിക്കുക.

ജസ്റ്റിസ് അരുൺകുമാർ മിശ്ര കൊണ്ടുവരുന്നത് മദ്ധ്യപ്രദേശിൽ നിന്നുള്ള ഒന്നാന്തരം സസ്യ വിഭവങ്ങളാവും. മത്തങ്ങാ സൂപ്പും വെണ്ടയ്ക്ക തോരനും പനീർ വിഭവങ്ങളും മറ്റും. സെസേർട്ടിന് പൈനാപ്പിൾ അലുവയും മാലാപാവും. മിശ്രയുടെ വീട്ടിൽ നിന്ന് വരുന്ന സെസേർട്ടിന്റെ രുചി ഭയങ്കരമാണെന്നാണ് ഭൂരിപക്ഷ അഭിപ്രായം.

ജസ്റ്റിസ് ആർ.കെ. അഗർവാളാകട്ടെ ഉത്തർപ്രദേശ് രുചി വിഭവങ്ങളാണ് കൊണ്ടുവരിക. ജസ്റ്റിസ് കുര്യൻ ജോസഫ് സ്വന്തം അടുക്കളത്തോട്ടത്തിൽ വിളയിച്ച പച്ചക്കറി വിഭവങ്ങളാണ് വിളമ്പുക. കപ്പ പ്രധാന ഇനമാണ്. പപ്പടവും ചോറും നല്ല ഏത്തയ്ക്ക പഴവും ഊണിനൊപ്പം കാണും.

ജസ്റ്റിസ് ചെലമേശ്വർ കൊണ്ടുവരുന്ന സാമ്പാറിന് പ്രിയമേറെയാണ്. ഇഡ്ഡലി, രസം, മാങ്ങാ അച്ചാർ തുടങ്ങിയവയും ചെലമേശ്വർ സ്പെഷ്യലുകളാണ്.

ഊണിന് ചില നിയമങ്ങളും പാലിക്കണം. സസ്യ വിഭവങ്ങളേ പാടുള്ളൂ. വിജയിക്കുന്ന ഓരോ പുരുഷന്റെ പിന്നിലും ഒരു സ്ത്രീ ഉണ്ടാകും എന്ന ചൊല്ല് തമാശയായി ഈ ഊൺ മേശയ്ക്ക് ചുറ്റുമിരിക്കുമ്പോൾ അവർ മാറ്റി പറയും. അതിങ്ങനെ: "ഓരോ രുചികരമായ വിഭവത്തിനു പിന്നിലും ഒരു ജഡ്ജിയുടെ ഭാര്യ ഉണ്ടാകും."

ഈ ഊൺ മേശയ്ക്ക് ചുറ്റും അവർ ഒരിക്കലും കേസുകളെക്കുറിച്ച് സംസാരിക്കില്ല. പരസ്പരമുള്ള ചില്ലറ പിണക്കങ്ങളും ആരും പുറത്തെടുക്കില്ല. എല്ലാവരും ഉല്ലാസമായി ഒത്തുകൂടാനുള്ള അവസരമാക്കി അത് മാറ്റും. മിക്കവാറും ഭക്ഷണവും പാചക രീതികളുമാവും സംഭാഷണ വിഷയം. തൊണ്ണൂറുകളിൽ ജസ്റ്റിസ് രംഗനാഥ മിശ്ര ചീഫ് ജസ്റ്റിസായിരുന്ന കാലം മുതലാണ് ഈ ബുധനാഴ്ച പതിവ് തുടങ്ങിയത്.

"എനിക്ക് ഷുഗറിന്റെ അസുഖമുണ്ട്. പക്ഷേ കേരളത്തിൽ നിന്നുള്ള പായസം വിളമ്പിയാൽ ഞാൻ കുടിക്കാതെ വിടില്ല" - പഴയ ഓർമ്മകൾ പങ്കിട്ടുകൊണ്ട് മൂന്നുവർഷം മുമ്പ് വിരമിച്ച ജസ്റ്റിസ് ജി.എസ്. സിംഗ്‌വി ഓർമ്മിച്ചു.